ഖാദി ഗ്രാമ വ്യവസായ തൊഴിലാളികൾക്ക് ക്ഷേമനിധി

313. [391] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമവ്യവസായ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ, ബി) ഖാദി വ്യവസായ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഖാദിബോർഡ് തയ്യാറാക്കിയ സ്കീം ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്കീമിൻെറ നടപടിക്രമങ്ങൾ തയ്യാറായിവരുന്നു. കാലതാമസം കൂടാതെ പദ്ധതി നടപ്പിലാക്കുന്നതാണ്.

മോട്ടോർ തൊഴിലാളി ക്ഷേമ ബോർഡിലെ നിയമനം

314. [392] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലേബർ വകുപ്പിൻകീഴിൽ മോട്ടോർ തൊഴിലാളി ക്ഷേമബോർഡിലേക്ക് നിയമനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ; അതിലേക്കു വേണ്ടിവന്ന അധിക ചെലവ് എത്ര ?

(സി) ഉദ്യോഗസ്ഥൻമാരെ നിയമിച്ചത് ആരായിരുന്നു ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തതിൻെറ മാനദണ്ഡം എന്തായിരുന്നുവെന്ന വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലോവർ ഡിവിഷൻ ക്ലാർക്ക് 28
ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (ഇംഗ്ലീഷ്) 14
ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (മലയാളം) 1

സർക്കാരിനിക്രുത്യത്തിൽ ചെലവൊന്നും വഹിക്കേണ്ടിവന്നിട്ടില്ല.

(സി) ഗവൺമെൻറാണ് ജീവനക്കാരെ നിയമിച്ചത്. 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അപ്പോയിൻറ്മെൻറ് ഓഫ് ഓഫീസേഴ്സ് ആൻറ് സ്റ്റാഫ്) റൂൾസിലെ പട്ടങ്ങൾ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിയമനങ്ങൾ നടത്തിയത്.

ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലെ താൽക്കാലിക ജീവനക്കാർ

315. [393] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
,, കെ. പി. എ. മജീദ് :
,, എം. പി. എം. ഇസ്ഹാക്ക്കുരിക്കൾ :
,, പി. കെ. കെ. ബാവ :

LIBRARY ARCHIVES Kerala Legislative Assembly